I ഇ.ബി. XIV-കേരള നിയമസഭ /XIV-10

# പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2019 ഫെബ്രുവരി 12, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 1391, 1398 എന്നീ നമ്പർ ചോദ്യങ്ങൾക്കുള്ള തിരുത്തിയ ഉത്തരം

പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 1391, 1398 എന്നീ നമ്പർ ചോദ്യങ്ങളുടെ തിരുത്തിയ ഉത്തരം റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II അടിയന്തരപ്രമേയ നോട്ടീസ്

രാഷ്ട്രീയ കൊലപാതകങ്ങളിലെ ഗൂഢാലോചന

മി. സ്പീക്കർ: റൂൾ 50 പ്രകാരം കഴിഞ്ഞ ദിവസം കോടതിയിൽ സമർപ്പിച്ച കുറ്റപത്രവുമായി ബന്ധപ്പെട്ട് ഒരു നോട്ടീസ് ലഭിച്ചിട്ടുണ്ട്. വർഷങ്ങൾക്ക് മുമ്പ് സംഭവിച്ച ഒരു കാര്യത്തെ സംബന്ധിച്ച് കോടതിയിൽ സമർപ്പിക്കപ്പെട്ട കുറ്റപത്രം നിയമസഭയിൽ അടിയന്തരപ്രമേയമായി കൊണ്ടുവരാൻ കഴിയാത്തതിനാലും അടിയന്തരപ്രമേയ നോട്ടീസിൽ സർക്കാരുമായി ബന്ധപ്പെട്ട കാര്യങ്ങളൊന്നും പ്രതിപാദിച്ചിട്ടില്ലാത്തതിനാലും ഇത് പരിഗണിക്കാൻ നിർവ്വാഹമില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ റൂൾ 53-ൽ സ്റ്റാറ്റ്യൂട്ടറി ട്രൈബ്യൂണലോ സ്റ്റാറ്റ്യൂട്ടറി അതോറിറ്റിയോ കമ്മീഷനോ അന്വേഷണ കോടതിയോ അങ്ങനെയുള്ള സംഗതി പരിഗണിക്കുന്നതിന് ഹാനികരമാകാൻ സാദ്ധ്യതയില്ലെന്ന് സ്പീക്കർക്ക് ബോദ്ധ്യം വരുന്നപക്ഷം, അദ്ദേഹത്തിന് തന്റെ വിവേചനാധികാരം ഉപയോഗിച്ച് അന്വേഷണ വിചാരണയുടെ നടപടിക്രമത്തെയോ വിഷയത്തെയോ അവസ്ഥയെയോ

സംബന്ധിക്കുന്ന വിധത്തിലുള്ള സംഗതി സഭയിൽ ഉന്നയിക്കുന്നതിന് അനുവദിക്കാവുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്; ഈ സഭതന്നെ ഇത്തരത്തിലുള്ള ആറോളം വിഷയങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. അതൊന്നും ഗവൺമെന്റുമായി ബന്ധപ്പെട്ടതല്ല. ശ്രീ. റ്റി. വി. രാജേഷ് എം.എൽ.എ.-യെ പ്രതിയാക്കിക്കൊണ്ട് കുറ്റപത്രം സമർപ്പിച്ച കേസ് ഈ സഭയിൽ ഉന്നയിക്കാൻ അവകാശമില്ലെന്ന് പറയുന്നതിനോട് യോജിക്കാൻ കഴിയില്ല. ഇത് ഏറ്റവും ഗൗരവമുള്ള വിഷയമാണ്. രാഷ്ട്രീയ കൊലപാതകങ്ങൾ ഇല്ലാതാക്കാൻ നിഷ്പക്ഷവും നീതിപൂർവ്വവുമായ രീതിയിലുള്ള നടപടികൾ പോലീസ് സ്വീകരിക്കണമെന്നാണ് അടിയന്തരപ്രമേയ നോട്ടീസിൽ ആവശ്യപ്പെട്ടിട്ടുള്ളത്.

<u>മി. സ്പീക്കർ</u>: കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ റൂൾ 52(9) പ്രകാരം സംസ്ഥാന ഗവൺമെന്റുമായി ബന്ധപ്പെട്ടതൊന്നും ഈ നോട്ടീസിൽ പ്രതിപാദിച്ചിട്ടില്ല. അതുകൊണ്ട് അത് ചർച്ച ചെയ്യേണ്ടതില്ലെന്നാണ് ചെയറിന്റെ നിലപാട്. കുറ്റപത്രവുമായി ബന്ധപ്പെട്ട് ഒരു ചർച്ച അടിയന്തരപ്രമേയമായി കൊണ്ടുവരുന്നതിൽ യുക്തിയില്ല. പ്രതിപക്ഷത്തിന് ഈ വിഷയം ആദ്യത്തെ സബ്മിഷനായി അവതരിപ്പിക്കാൻ അനുവാദം നൽകുന്നതാണ്.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ ഒന്നടങ്കം സ്പീക്കറുടെ ഡയസിന് മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ ശ്രദ്ധക്ഷണിക്കലും സബ്മിഷനുകളും റദ്ദ് ചെയ്യുന്നതായും മറുപടി മന്ത്രിമാർ മേശപ്പുറത്തുവയ്ക്കണമെന്ന് അറിയിക്കുകയും തുടർന്ന് കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനത്തിലേയ്ക്ക് കടക്കുകയും ചെയ്തു.)

## III മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ ലിസ്റ്റ് 3(1), 3(2) ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## IV ചട്ടങ്ങളുടെ ഭേദഗതിയുടെ പരിഗണന

(നോട്ടീസ് നൽകിയ അംഗം സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിച്ചില്ല.)

## V നിയമനിർമ്മാണകാര്യം

i) 2019-ലെ കേരള ധനകാര്യ ബില്ലിന്റെ അവതരണം

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): 2019-ലെ കേരള ധനകാര്യ ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

(ii) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

(വിയോജനക്കുറിപ്പുകളും ഭേദഗതികളും അവതരിപ്പിച്ചില്ല.)

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

235. In section 2(sa) proposed to be inserted in the principal Act by Clause 2(iv), the symbol " " "after the words "Kerala State Co-operative Bank" shall be deleted.

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

238. In the marginal heading to section 14 A proposed to be

inserted in the principal Act by Clause 3, for the word "Provision" substitute the word "Provisions".

368. In section 14 A (4) proposed to be inserted in the principal Act by Clause 3, after the word "creditor" the words "or debtor" shall be inserted.

331- നമ്പർ ഭേദഗതി അവതരിപ്പിച്ചു.

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.)

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

331. In section 14 A (3) proposed to be inserted in the principal Act by Clause 3, after the words "deposits or" the word "closing" shall be inserted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>4-ാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>5-ാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>6-ാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>7-ാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>8-ാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>9-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

409. In section 74B proposed to be substituted in the principal Act by Clause 9, before the word " State" the word " Kerala " shall be inserted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.)

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>10-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

483. In section 74H(8) proposed to be inserted in the principal Act by Clause 10, the figures " 21" shall be substituted with " twenty one " .

ബില്ലിന്റെ 10-ാം ഖണ്ഡപ്രകാരം ചേർത്ത 10(C) അദ്ധ്യായത്തിലെ 74H വകുപ്പിന്റെ 4-ാം ഉപവകുപ്പിൽ താഴെ പറയും പ്രകാരം ഒരു വാക്കാൽ ഭേദഗതി മന്ത്രി അവതരിപ്പിച്ചു.

'(4) Notwithstanding anything contained in section 15 of this Act, on and from the date of amalgamation of the transferor banks and the transferee bank, the transferor banks shall cease to exist and its registration shall stand cancelled.

Provided that no new registration certificate is required for the

trnasferee bank.'

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയും സഭ അംഗീകരിച്ചു.

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.)

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>11-ാം വകുപ്പ്</u>

(ഭേദഗതി അവതരിപ്പിച്ചില്ല.)

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>12-ാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>13-ാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>14-ാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>15-ാം വകുപ്പ്</u>

(ഭേദഗതിയില്ല.)

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## iii) 2019-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): 2019-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): 2019-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

2019-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3 -ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും

2-ഉം 3 -ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3 -ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവ് പ്രസ്താവന നടത്തിയതിനുശേഷം യു.ഡി.എഫ്. അംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ ബഹിഷ്ക്കരിച്ച് പുറത്തുപോയി.)

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): 2019-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

2019-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## VI അവകാശലംഘന പ്രശ്നങ്ങൾ

### (1) അനുമതി നിഷേധിച്ചവ

മി. സ്പീക്കർ: ബ്രൂവറി ലൈസൻസ് വിഷയവുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പിന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. ആശാ തോമസിനെതിരെ ശ്രീ. കെ. സി. ജോസഫ് നൽകിയ നോട്ടീസ്, 08.12.2018-ന് കെ.എസ്.യു. പ്രവർത്തകർ നടത്തിയ സെക്രട്ടേറിയറ്റ് മാർച്ചുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ശ്രീ. ഹൈബി ഈഡൻ നൽകിയ നോട്ടീസ്, ശബരിമലയിലെ അന്നദാനം സംബന്ധിച്ച് ഡോ. എം. കെ. മുനീർ, ഹിന്ദു ഐക്യവേദി സംസ്ഥാന അദ്ധ്യക്ഷ ശ്രീമതി കെ. പി. ശശികല ടീച്ചറുടെ പ്രസംഗവുമായി ബന്ധപ്പെട്ട് ശ്രീ. ഒ. രാജഗോപാൽ എന്നിവർ സഹകരണവും വിനോദസഞ്ചാരവും

ദേവസ്വവും വകുപ്പുമന്ത്രിക്കെതിരെ നൽകിയ നോട്ടീസ് എന്നിവയ്ക്ക് അനുമതി നിഷേധിക്കുന്നു.

## (2) <u>പരിഗണനയിലിരിക്കുന്നവ</u>

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ശ്രീ. പാറക്കൽ അബ്ദുല്ല നൽകിയ നോട്ടീസ്, മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. പി. കെ. അബ്ദു റബ്ബ് നൽകിയ നോട്ടീസ്, യൂത്ത് ലീഗ് സംസ്ഥാന നേതാവ് ശ്രീ. പി. കെ. ഫിറോസിനെതിരെ ശ്രീ. ജെയിംസ് മാത്യു നൽകിയ നോട്ടീസ് എന്നിവ ചെയറിന്റെ പരിഗണനയിലാണ്.

## VII പ്രമേയം

### <u>സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്</u>

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സഭ മുമ്പാകെ മറ്റ് ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ് എന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

പതിനാലാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിൽ പരിഗണിച്ച വിഷയങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സംക്ഷിപ്ത വിവരണം നടത്തുകയും സമ്മേളനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

നിയമസഭയുടെ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 'ഫെസ്റ്റിവൽ ഓൺ ഡെമോക്രസി'യുമായി ബന്ധപ്പെട്ട് ഫെബ്രുവരി മാസം 23, 24, 25 തീയതികളിൽ അന്താരാഷ്ട്രതലത്തിൽ സംഘടിപ്പിക്കുന്ന 'സ്റ്റുഡന്റ്സ് പാർലമെന്റ്' പരിപാടികളുടെ വിശദാംശങ്ങൾ അടങ്ങുന്ന ക്ഷണക്കത്ത് പ്രത്യേകമായി അംഗങ്ങൾക്ക് എത്തിക്കുന്നതാണെന്നും പ്രസ്തുത പരിപാടി വിജയിപ്പിക്കുന്നതിന് എല്ലാ അംഗങ്ങളുടെയും സഹകരണമുണ്ടാകണമെന്നും ചെയർ സഭയെ അറിയിച്ചു.

സഭ ദേശീയഗാനാലാപനത്തോടെ രാവിലെ 10.39-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.

*******